FMAK 06



കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്.എ/കെ.എൻ.ആർ/സി.II/1386/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/10/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപസ്),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.II/1386/2024 തീയതി: 10/10/2024

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2023 മുതൽ 07-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സി.വി.ജ്യോതിഷ് കുമാർ	ഡെപ്യൂട്ടി ഡയറക്ടർ	08-08-2024	19-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-08-2024	19-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷിജില. വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വന്ദന മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിജില. ടി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സി.കെ. അശോകൻ	പ്രസിഡന്റ്	01-04-2023	15-05-2023
ശ്രീ. ഉമേഷ്ബാബു കോട്ടായി	സെക്രട്ടറി	16-06-2023	31-03-2024
ശ്രീമതി. ശ്രീജ. എസ്. പുത്തൻപുരയിൽ, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2023	24-07-2023
ശ്രീ. ഉമേഷ്ബാബു കോട്ടായി	സെക്രട്ടറി	25-07-2023	13-08-2023
ശ്രീമതി. ശ്രീജ. എസ്. പുത്തൻപുരയിൽ, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-08-2023	11-10-2023
ശ്രീമതി. ദിഷ വി പി, ഹെഡ് ക്ലർക്ക്	സെക്രട്ടറി-ഇൻ-ചാർജ്ജ്	12-10-2023	16-10-2023
ശ്രീ. കെ. സത്യൻ, സെക്രട്ടറി മൊകേരി ഗ്രാമ പഞ്ചായത്ത്	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-10-2023	21-11-2023
ശ്രീമതി. ശ്രീജ. എസ്. പുത്തൻപുരയിൽ, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-11-2023	31-12-2023
ശ്രീ. അജി. വി. കെ	സെക്രട്ടറി	01-01-2024	30-01-2024
		31-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീജ. എസ്. പുത്തൻപുരയിൽ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	16-10-2023
ശ്രീമതി. ദിഷ. വി.പി, ഹെഡ് ക്ലർക്ക്	അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്	17-10-2023	21-11-2023
ശ്രീ. ഷാജിമോൻ. വി.ടി, അക്കൗണ്ടൻറ്	അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്	22-11-2023	03-12-2023
ശ്രീമതി. ദിഷ. വി.പി, ഹെഡ് ക്ലർക്ക്	അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്	04-12-2023	31-12-2023
ശ്രീമതി. ശ്രീജ. എസ്. പുത്തൻപുരയിൽ	അസിസ്റ്റന്റ് സെക്രട്ടറി	01-01-2024	31-03-2024
ശ്രീമതി. ശിശിര. എം.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	18-07-2023
ശ്രീമതി. പ്രിയ. പി	അസിസ്റ്റന്റ് എഞ്ചിനീയർ	19-07-2023	31-03-2024
ശ്രീ. സുനിൽകുമാർ കൊയിലി	കൃഷി ഓഫീസർ	01-04-2023	17-08-2023
ശ്രീമതി. സാനിയ. ടി.കെ	കൃഷി ഓഫീസർ	18-08-2023	31-03-2024
ശ്രീമതി. റസീന. കെ	വി.ഇ.ഒ, പന്ന്യന്നൂർ സർക്കിൾ	01-04-2023	12-09-2023
ശ്രീ. ജലാലുദ്ദീൻ കെ വി	വി.ഇ.ഒ, പന്ന്യന്നൂർ സർക്കിൾ (അഡിഷനൽ ചാർജ്ജ്)	13-09-2023	26-09-2023
ശ്രീ. അബ്ദുൾ നാസർ	വി.ഇ.ഒ, പന്ന്യന്നൂർ സർക്കിൾ	27-09-2023	31-03-2024
ശ്രീ. നിരുപ് കുമാർ. പി	വി.ഇ.ഒ ചമ്പാട് സർക്കിൾ	01-04-2023	13-07-2023
ശ്രീമതി. റസീന. കെ	വി.ഇ.ഒ ചമ്പാട് സർക്കിൾ	14-07-2023	05-08-2023

	(അഡിഷനൽ ചാർജ്ജ്)		
ശ്രീ. ജലാലുദ്ദീൻ. കെ. വി	വി.ഇ.ഒ ചമ്രവട്ടം സർക്കിൾ	06-08-2023	31-03-2024
ഡോ. അതുല്യ. എ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	27-06-2023
ഡോ. അശ്വതി ഭരത്. പി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	28-06-2023	18-02-2024
ഡോ. അരുൺ. വി. പി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	19-02-2024	31-03-2024
ഡോ. ദിവ്യ. പി	വെറ്റിനറി സർജ്ജൻ	01-04-2023	31-03-2024
ഡോ. സിതാര ധർമരാജ്	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2023	25-08-2023
ഡോ. ചൈതന്യ. കെ. വി	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	26-08-2023	31-03-2024
ശ്രീമതി. ഷിബിന. എ. കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	05-12-2023
ശ്രീ. സുഭാഷ്. എസ്. എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	06-12-2023	31-03-2024
ശ്രീമതി. ജീന കോറോത്ത്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. രാജേഷ്. ടി.ആർ	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	22-05-2023
ശ്രീമതി. സന്ധ്യ. പി. കെ	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	23-05-2023	31-03-2024
ശ്രീ. രവി. ടി	ഹെഡ് മാസ്റ്റർ	01-04-2023	01-06-2023
ശ്രീമതി. ജിഷ. കെ.പി, എൽ.പി.എസ്.എ	ഹെഡ് മാസ്റ്റർ-ഇൻ-ചാർജ്	02-06-2023	27-06-2023
ശ്രീ. പ്രദീപ്കുമാർ. കെ	ഹെഡ് മാസ്റ്റർ	28-06-2023	31-03-2024

പ്രസിഡന്റ് ശ്രീ. സി.കെ. അശോകൻ ചികിത്സ ആവശ്യാർത്ഥമുള്ള അവധിയിലായിരുന്ന 16-05-2023 മുതൽ 15-06-2023 വരെയുള്ള കാലയളവിൽ വൈസ് പ്രസിഡന്റ് ശ്രീമതി. ഇ. കെ.പി യാണ് പ്രസിഡന്റിന്റെ ഔദ്യോഗിക ചുമതല നിർവഹിച്ചിരുന്നത്.

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്.	1-1
2	നികുതി വരുമാനങ്ങൾ - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-1
3	ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദികൾ - ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയില്ല.	1-1-2
4	B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.	1-1-3
5	മതിയായ വായു ഇല്ലാതെ ഇകകൾ സ്ട്രോങ്റൂമിൽ നിന്നും കുറവ് ചെയ്തു.	1-1-4
6	ആന്വൽ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-5
7	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-6
8	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തീർക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.	1-1-7
9	Cash Flow Statement – കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
15	കേന്ദ്ര പദ്ധതികൾ	1-7
16	അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇക തിരികെ ഈടാക്കേണ്ടതാണ്	1-7-1
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	ഗ്രാമസഭ	1-10
20	വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്	1-11
21	വസ്തു നികുതി പരിഷ്കരണം - പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ സങ്കല്പയിൽ വ്യത്യസ്തമായി നൽകിയത്	1-12
22	ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ ഉപയോഗക്രമം സങ്കല്പയിൽ വ്യത്യസ്തപരിശോധിക്കേണ്ടതാണ്.	1-13
23	ഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല - ₹ 1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-14
24	എ.ബി.സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-15
25	എല്ലാ വീട്ടിലും പച്ചക്കറി കൃഷി -ഞങ്ങളും കൃഷിയിലേക്ക് – നിർവ്വഹണ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല – ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-16
26	കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -രേഖകൾ ഹാജരാക്കാത്തതിനാൽ ₹826070-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
27	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
28	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -₹54,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-19
29	കോവിഡ് പ്രതിരോധ പരിരക്ഷ-മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല	1-20
30	പണ്ടാരവക പി.എച്ച്.സി- ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം	1-21
31	ഇന്റേണൽ ഓഡിറ്റ് ശുചിത്വ മിഷനാക്കൽ - അധികം അനുവദിച്ച ₹3933-യുടെ ചെലവ്	1-22

	അംഗീകരിക്കുന്നില്ല.	
32	ഇല്ലെന്നോ /സമ്പൂർണ്ണ സെക്രട്ടറി വിദ്യാഭ്യാസ പദ്ധതി ഇടർ വിവരം ലഭ്യമാക്കേണ്ടതാണ്.	1-23
33	ആസ്തി സംരക്ഷണം-കാര്യക്ഷമമാക്കേണ്ടതാണ്	1-24
34	ഇല്ലത്തൊത്ത മീൻതോട്ടം-ഒരുഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്	1-25
35	ഉച്ചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം	1-26

ഭാഗം 2

— No Records Found —

ഭാഗം 3

— No Records Found —

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ ഇകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തിരിപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	RECEIPT & PAYMENT STATEMENT
4	INCOME & EXPENDITURE STATEMENT
5	BALANCE SHEET

ഭാഗം -I

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ചാലികമായ നിർദ്ദേശങ്ങളും അനുസരിച്ച് പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 07-06-2024 ലെ 149/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11-06-2024 തീയതിയിൽ, പിള്ളണക്കുന്ന ഹോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG യുടെ ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ ഇകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചുള്ളതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

നിരീക്ഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക പ്രവർത്തനത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പെപ്പിട്ടി വത്സകുമാർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
10.10.2024.

1-1-1 നികുതി വരുമാനങ്ങൾ – സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ഉൾപ്പെടെയുള്ള നികുതി വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല (വസ്തു നികുതി - വർഷത്തിൽ രണ്ട് തവണ മാത്രമേ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളൂ (2024 ഫിബ്രുവരി, മാർച്ച്).

1-1-2 ഡിമാന്റ് കറക്ട് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ – ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയില്ല.

01-04-2023 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ഇഷ (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് ഇഷയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അടുത്ത വർഷ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സ്ഥാപന സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് വരണമെന്ന് എൻട്രി ഇടേണ്ട ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2).)

പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമഗ്ര സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ രേഖപ്പെടുത്തേണ്ടതും ഇങ്കം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ആയതിന് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുമാണ്. ആയത് ചെയ്തിട്ടില്ല. (2023-24 ൽ ഇപ്രകാരം ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട് അപൂർണ്ണമായ ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്).

1-1-3 B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ നൈതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

1-1-4 വേന വായു ഇല്ലാതെ ഇകകൾ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു.

വാർഷിക ധനകാര്യ പത്രിക B-5 ഷെഡ്യൂൾ പ്രകാരം വായുയിനത്തിൽ കടിശ്ശിക ഇല്ല. എന്നാൽ സ്കൂൾ ചെലവ് പത്രിക പ്രകാരം ലൈഫ് മിഷൻ വായു തിരിച്ചടവായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ₹176000 യും, വികസന ഫണ്ട്, എസ്.സി.പി വിഭാഗത്തിൽ നിന്നും ₹97647 യും (ആകെ ₹273647) സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. ആയത് ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. വായു രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ – 2011, ചട്ടം 80 ൽ പരാമർശിച്ചിരുന്നതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

(A) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(B) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ ഇകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ ഇകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് നിക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease in Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1113183 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1808327 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം രണ്ട് രീതികളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് ഇകകളും പൊരുത്തപ്പെടുന്നില്ല.

1-1-8 Cash Flow Statement – കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

Cash Flow Statement – Aims Software ൽ അപ്ലോഡ് ചെയ്ത കണക്കും മാന്വലായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കും പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 17-03-2023 തീയതിയിലെ 83/23(1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 09-02-2024 ലെ 52/2024 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	8102005	10507741

വരവ്	236952800	250402456
ആകെ	245054805	260910197
ചെലവ്	236157300	247286286
നീക്കിയിരിപ്പ്	8897505	1362391

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	1,64,75,537
വരവ്	4,46,92,430
ആകെ	6,11,67,967
ചെലവ്	3,35,61,247
നീക്കിയിരിപ്പ്	2,76,06,720
വരവിനങ്ങളിലെ സ്ത്രീ	ഇല്ല
ചെലവിനങ്ങളിലെ സ്ത്രീ	3933
തൊഴുപ്പുള്ളതായ ഇനം	1580570

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട് മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കി യിരിപ്പ്
വികസന ഫണ്ട് ജനറൽ	0	14188000	14188000	11246252	2941748
വികസന ഫണ്ട് എസ്.സി.പി	0	415000	415000	415000	0
മെയിന്റനൻസ് ഗ്രാന്റ്	0	7162150	7162150	1260067	5902083
മെയിന്റനൻസ് നോൺറോഡ്	0	2358600	2358600	2216605	141995
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ജനറൽ	2440720	1762000	4202720	1338007	2864713
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ്	650540	2454975	3105515	2616025	489490
എംജിഎൻആർ ഇജിഎസ്	3150	25627589	25630739	25630739	0
ഐസിഡിപ്പ്	813072	1508136	2321208	1000000	1321208

എം പി ഫണ്ട്	0	477786	477786	461130	16656
എസ് എസ് എ	217	0	217	0	217
ശുചിത്വ മിഷൻ ഗ്രാന്റ്	305873	9056	314929	0	314929
സ്വച്ച് ഭാരത് അഭിയാൻ	0	168000	168000	168000	0
മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് കൗൺസിൽ	336155	4308203	4644358	1630510	3013848
റൂറൽ ഹൗസിംഗ് ഫണ്ട്	1600896	2240616	3841512	2500060	1341452
ഹെൽത്ത് ഗ്രാന്റ് - വെൽനസ്സ് ഗ്രാന്റ്	111699	366516	478215	112716	365499
ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	219771	862196	1081967	416817	665150
സാക്ഷരത	78979	2280	81259	0	81259
പ്രത്യേകാവശ്യ ഗ്രാന്റ് - Health Grant Towards Building	0	2814519	2814519	0	2814519
പ്രത്യേകാവശ്യ ഗ്രാന്റ് -Other Financial Institutions	201421	5817	207238	-	207238
പ്രത്യേകാവശ്യ ഗ്രാന്റ് - Other Govt. Agencies	42397	0	42397	0	42397
ആർ ആർ എഫ് ബ്ലോക്ക് വിഹിതം	30000	0	30000	0	30000
ആർദ്രകേരളം പുരസ്കാരം	112142	0	112142	0	112142
ബാംബൂ പ്ലാന്റേഷൻ ഫണ്ട്	24000	0	24000	24000	0

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം വഴിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
184	78235674	130	34239208	17	54	113	61.41

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
ക്ലർക്ക് ഓഫീസർ	10	8	1772726	1085731	61.24
വെറ്റിനറി സർജൻ	9	8	1925000	917500	47.66
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	12	11	3231187	1400325	43.33

മെഡിക്കൽ ഓഫീസർ, ആയുർവേദം	3	3	790000	788814	99.85
ഫിഷറീസ് വകുപ്പ് ഇൻസ്ട്രക്ടർ	2	2	180000	140000	77.77
വിഇഒ	22	16	2061871	9465952	45.90
പ്രൈ.സിഡിപ്പോസ് സൂപ്പർവൈസർ	21	14	5752517	4194605	72.91
സെക്രട്ടറി	38	27	7730178	4399269	56.91
ഹെഡ് മാസ്റ്റർ	11	11	1455100	1371680	94.28
അസിസ്റ്റന്റ് എഞ്ചിനീയർ	49	24	33856955	9762650	28.83
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	397000	339523	85.52
അസിസ്റ്റന്റ് സെക്രട്ടറി	6	5	526300	373159	70.90
ആകെ	184	130	78235674	34239208	43.76

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് വരവ്		ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	3150	614391	617541	617541	0
തൊഴിലാളികൾക്കുള്ള കൂലി	0	25013198	25013198	25013198	0
ആകെ തുക	3150	25627589	25630739	25630739	0

1-7 ക്ഷേമ പദ്ധതികൾ

തദ്വേഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ചതുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	2012600	149
വിധവാപെൻഷൻ	11326800	926
വാർദ്ധക്യകാലപെൻഷൻ	21313400	1868
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	3270700	262
50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2022400	157
വിവാഹധനസഹായം	30000	1

1-7-1 അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാത്തതിനാൽ അനർഹമായി കൈമാറ്റം ചെയ്യപ്പെട്ട തുക തിരിച്ചു പിടിക്കേണ്ട സാഹചര്യം. സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന എത്തെങ്കിലും ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതിന്റെയും പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/12.08.2024),

, ധനസഹായം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാത്തതിനാൽ അനർഹമായി കൈമാറ്റം ചെയ്യപ്പെട്ട ഇക തിരിച്ചടക്കുന്നതിന് ബാങ്കിന് കത്ത് നൽകി വരുന്നതായും, സർവ്വീസ് പെൻഷൻ വാങ്ങുന്ന 8 പേരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ ഇക തിരിച്ച പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി നല്കിയിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ ഇക തിരികെ ഈടാക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-08-2024 തീയതിയിൽ 2.50 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8022 രൂപ ക്യാഷ് ബാലൻസിന്റെ കുത്യത ബോധ്യപ്പെട്ടു

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനമേലെ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജോലി വിഭജനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, പ്ലാൻ ഫണ്ട് വിനിയോഗം, ഐ.എൽ.ജി.എം.എസ് വഴി പദ്ധതി കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നതിനെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും 2023-24 വർഷം 4 തവണ വീതം ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക സാധൂകരണം, ശുകാല പൂർവ ശുചീകരണം, വലിച്ചെറിയൽ മുക്ത ഗ്രാമ പഞ്ചായത്ത്- ഇടർ പ്രവർത്തനങ്ങൾ, വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, വസ്തുനികുതി പരിഷ്കരണം, എം.ജി.എൻ.ആർ.ഇ.ജി.എസ് ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, തെരുവ് നായ നിയന്ത്രണം, ആരോഗ്യ സാക്ഷരത, 2023-24 വാർഷിക പദ്ധതി അവലോകനം, 2024-25 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിനുള്ള ഫീൽഡ് പരിശോധന നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.08.2024) മറുപടിയായി, ഫീൽഡ് പരിശോധനയ്ക്കായി ഇന്റർവ്യൂ നടത്തിയെങ്കിലും ആവശ്യമുള്ളത്ര എന്യൂമറേറ്റർമാരെ ലഭിച്ചില്ല എന്നും 4 എന്യൂമറേറ്റർമാർ മുഖേന കെട്ടിടങ്ങളുടെ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തുന്നതും വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കേണ്ടതുമാണ്.

1-12 വസ്തു നികുതി പരിഷ്കരണം – പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത്

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീയതി 05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 2 വ്യത്യസ്ത കെട്ടിട വിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കരങ്ങളും ഉൾപ്പെടുത്തിയുള്ള വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ	ഏറ്റവും കൂടിയ

			നിരക്ക് (രൂപ)	നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന് ഉപയോഗിക്കാത്ത പാർപ്പിടങ്ങൾ, റോഡ്സൈഡ് താമസിക്കാനും മറ്റോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ചതു മീറ്ററിനുള്ളിൽ	6	10
2	സ്വന്തം താമസത്തിന് ഉപയോഗിക്കാത്ത പാർപ്പിടങ്ങൾ, റോഡ്സൈഡ് താമസിക്കാനും മറ്റോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ചതുരശ്ര മീറ്ററിന് മുകളിലുള്ളവ	8	12

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പന്നൂർ ഗ്രാമപഞ്ചായത്ത് 17.08.2023 തീയതിയിൽ 326/2023 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 7, 10 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിൽ വന്ന നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ മറ്റായ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കെട്ടിട നമ്പർ	കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിട വിസ്തീർണം ചതു മീ	ഉപയോഗ ക്രമം	സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം	സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം
14/278 B	മാറോളിൻവീട് അനിതയെ സുനിൽകുമാർ	301.58	പാർപ്പിടാവശ്യം	മേൽപട്ടികയിലെ ക്രമ നമ്പർ 1 1 ചതു മീ ന് 7 രൂപ നിരക്കിൽ	മേൽപട്ടികയിലെ ക്രമ നമ്പർ 2 1 ചതു മീ ന് 10/- രൂപ നിരക്കിൽ
2/227 B	ഇഞ്ചിയിൽ സുകൈലാസ	363.88	പാർപ്പിടാവശ്യം	മേൽപട്ടികയിലെ ക്രമ നമ്പർ 1 1 ചതു മീ ന് 7 രൂപ നിരക്കിൽ	മേൽപട്ടികയിലെ ക്രമ നമ്പർ 2 1 ചതു മീ ന് 10 രൂപ നിരക്കിൽ

കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് 13/14.08.2024 പ്രകാരം എൻകയറി നൽകിയതിന് മറുപടിയായി, 2023-24 കാലയളവിലെ നൂ ബിൽഡിങ് രജിസ്റ്ററിൽ ഉൾപ്പെട്ട മേൽ സൂചിപ്പിച്ച കെട്ടിടങ്ങളെ മറ്റായ ഉപവിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചത് ഡാറ്റാ എൻട്രിയിൽ വന്ന പിഴവാണെന്നും, നിലവിൽ സഞ്ചയ രജിസ്റ്ററിൽ തിരുത്തൽ വരുത്തിയിട്ടുണ്ടെന്നും കടിഗ്ലിക വന്ന കെട്ടിടനികുതി അടവാക്കണത്തിനായി കെട്ടിട ഉടമകൾക്ക് അറിയിപ്പ് നൽകിയതായും അറിയിച്ചിട്ടുണ്ട്. നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കി വിവരം ലഭ്യമാക്കേണ്ടതും, 01-04-2023 തീയതി മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളുടെയും അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിച്ച് കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം എന്നിവ ഇത്തരത്തിൽ മറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും തുടർ ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്.

1-13 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ വ്യത്യസ്ത-

പരിശോധിക്കേണ്ടതാണ്.

പന്നൂർ ഗ്രാമപഞ്ചായത്തിൽ 2023-24 കാലയളവിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്ത ചില വ്യാപാര സ്ഥാപനങ്ങളുടെ ഉപയോഗക്രമം സംശയത്തിൽ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപന ഉടമയുടെ പേര്	സ്ഥാപനം	വാർഡ്/ കെട്ടിട നമ്പർ	ഉപയോഗക്രമം
1	കെ.പി. അസീസ്	കലാഭവൻ ചിക്കൻ	1/59	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
2	ബീന.യു.പി	ജാസ്മിൻ ടൈലറിംഗ്	2/357	സഞ്ചയത്തിൽ ലഭ്യമല്ല
3	പി.സുലൈഖ	സുകൃത പ്ലോർമിൽ	4/323	പാർപ്പിടാവശ്യം
4	ബെല്ല.പി	ഹൈസ്ട്രസ് ഗോൾഡ്	4/94 B	സഞ്ചയത്തിൽ ലഭ്യമല്ല
5	മോഹനൻ.പി	സൂസ് ഇൻഡസ്ട്രീസ്	5/282	പാർപ്പിടാവശ്യം
6	റാഷിദ്.കെ.പി.എ	അൽശിഫ ഹോമിയോപ്പതി	6/120 H	പാർപ്പിടാവശ്യം
7	ശിവകുമാർ.കെ.കെ	ശബരി ഹോട്ടൽ	7/270,271	പാർപ്പിടാവശ്യം
8	മോഹനൻ.വി.പി	വി.പി.സ്റ്റോർ	9/106	പാർപ്പിടാവശ്യം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/16.08.2024) ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം. 1, 2, 3, 4, 5, 8, 7 എന്നിവ പ്രകാരമുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, ലൈസൻസ് സർട്ടിഫിക്കറ്റിലും രജിസ്റ്ററിലും തെറ്റായി രേഖപ്പെടുത്തിപ്പോയതാണെന്നും, ക്രമ നം. 6 ലെ കെട്ടിടം പാർപ്പിടാവശ്യത്തിനുള്ളതാണെന്നും, കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിനായി കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്ന/അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കെട്ടിട നമ്പർ, ഉപയോഗക്രമം എന്നിവ പരിശോധിക്കേണ്ടതും, ലൈസൻസ് സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവയിൽ ശരിയായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. റീഡിംഗ് പരിശോധന നടത്തി മേൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

1-14 മഴക്കാല പൂർവ്വ ശുചീകരണം –രേഖകൾ ഹാജരാക്കിയില്ല – ₹ 1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്നും ₹150000 (10000X15) മെഡിക്കൽ ഓഫീസർ പി.എച്ച്.സി ക്ക് വൗച്ചർ നം. 22300065/26-04-2023 പ്രകാരം ട്രൻസ്ഫറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും, ഇക വാർഡ് തല ശുചീകരണ സമിതികളുടെ അക്കൗണ്ടിൽ വരവ് വെച്ചതിന്റെ രേഖകളും മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഇക ചെലവഴിച്ചതായി ബന്ധപ്പെട്ട രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/19.08.2024) രേഖകൾ ഹാജരാക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 എ.ബി.സി പ്രോഗ്രാം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/ പേര്	117/24 എ ബി സി പദ്ധതി ജില്ലാ പഞ്ചായത്തിന് ഇക

	കൈമാറൽ
അടങ്കൽ	₹100000 വികസന ഫണ്ട് ജനറൽ
ചെലവ്	₹100000 ബിൽ നം :14/12.05.2023

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ ജി.ഒ. (ആർ.ടി) 2065/2022/തസ്വഭ നമ്പർ ഉത്തരവിൽ ഗ്രാമപഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത്, മില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം എ.ബി.സി പദ്ധതിക്കായി ₹1,00,000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഉകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്കുള്ള (നമ്പർ 08/13-08-24) മറുപടിയിൽ ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 എല്ലാ വീട്ടിലും പച്ചക്കറി കൃഷി –ഞങ്ങളും കൃഷിയിലേക്ക് – നിർവ്വഹണ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല – ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ/പേര്	5/24, എല്ലാ വീട്ടിലും പച്ചക്കറി കൃഷി – ഞങ്ങളും കൃഷിയിലേക്ക്
അടങ്കൽ	₹250000 (വികസന ഫണ്ട്, ജനറൽ)
ചെലവ്	₹250000
ബിൽ നമ്പർ, തിയതി	₹25000, 253/21-12-2023 ₹75000, 259/21-12-2023 ₹75000, 260/21-12-2023 ₹75000, 261/21-12-2023 ആകെ- ₹250000

എല്ലാ വീടുകളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ തേൻ പ്രോജക്ടിൽ സേവന കാർഷിക കർമ്മസേന, ഉത്പാദനം എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ 22/30.11.2023 പ്രകാരം ₹75000-ഉം ₹25000 വിലം ഹൈബ്രിഡ് പച്ചക്കറി തൈകളും (259/21.12.2023, 260/21.12.2023 ACR ബില്ലുകൾ) ബിൽ നമ്പർ 829/30.11.2023 പ്രകാരം വയനാട് ഫ്രൂട്സ് & വെജിറ്റബിൾ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ₹25000-ഉം ചീര, പയർ വിത്തുകളും വാങ്ങിയിട്ടുണ്ട്. മേൽപ്പറ്റികളുടെയിലെ ആദ്യമത്തെ എ.സി.ആർ ബിൽ പ്രകാരമുള്ള ₹75000 എന്തിനാണ് ചെലവഴിച്ചതെന്ന് വ്യക്തമല്ല. 259/21.12.2023, 261/21.12.2023 എ.സി.ആർ ബില്ലുകളുടെ കൂടെ സേവനയിൽ നിന്നുള്ള ഒരേ ബില്ലുകളാണ് (ബിൽ നമ്പർ 22/30.11.2023) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. എ.സി.ആർ. ബിൽ നമ്പർ 261/21.12.2023 പ്രകാരമുള്ള ₹75000-യുടെ ചെലവ് സംബന്ധിച്ച് കാർഷിക കർമ്മസേനയുടെ യാതൊരു ബില്ലും ഹൈബ്രിഡ് പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (14/14.08.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ. (മിക്ക അപേക്ഷകളിലും പേര്, വാർഡ് നമ്പറും ഫോൺ നമ്പറും മാത്രം) അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ പരിശോധന നടത്തി അർഹത നിർണ്ണയിച്ചിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹250000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ –രേഖകൾ ഹാജരാക്കാത്തതിനാൽ ₹826070-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ 2023-24 വർഷം നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

ക്ര നമ്പർ	പ്രോജക്ട് നമ്പർ, പേര്	അടങ്കൽ	ചെലവ്	ബിൽ നമ്പർ, തീയതി	അപാകതകളുടെ വിവരം
1	114/24,	₹12120	₹370	367/15-2-24	ഇൻവോയ്സ് നമ്പർ

					1072/ 29-01-2024 പ്രകാരം വയനാട് ജില്ലാ ഫ്രൂട്സ് & വെജിറ്റബിൾ മാർക്കറ്റിംഗ് കോ-ഓപ്. സൊസൈറ്റിയിൽ നിന്നും 5.3 Kg റാഗി വിത്ത് വാങ്ങിയിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്ലിഫ്ഫ്ലവ് അനുവദിക്കാൻ പ്രോജക്ടിൽ ഇക വകയിരുത്തിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ തുക്വർഷം ചെലവില്ല.
2	90/24, പച്ചക്കറി കിറ്റ് വിതരണം	₹27000 വികസന ഫണ്ട്, പൊതു വിഭാഗം ₹9000 മറ്റുള്ളവ ആകെ ₹36000	₹36000	₹27000, 250/21-12-2023 ₹9000, 1230403130, തീയതി: 28.11.2023, ഗുണഭോക്തൃ വിഹിതം	ഇൻവോയ്സ് നമ്പർ 1264/6-12-2023 പ്രകാരം വെങ്ങോട് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 45 എണ്ണം വീതം മാവ്, പ്ലാവ്, റമ്പൂട്ടാൻ, സപ്പോട്ട എന്നിവ ഇടകലർത്തി തൈകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.
3	3/24, തെങ്കുകരി വികസനം	₹67500 വികസന ഫണ്ട്, പൊതു വിഭാഗം ₹42500 ജില്ലാ പഞ്ചായത്ത് വിഹിതം ₹85000 മറ്റുള്ളവ ആകെ- ₹195000	74340	₹10080, 310/18-1-2024 ₹32130, 332/5-2-2024 ₹32130, 232207520091O 1339877, 7-3-2024	കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റി, തൃശ്ശൂരിൽ നിന്നും ഇൻവോയ്സ് നമ്പർ 86/2023-24, 12-5-2023 പ്രകാരം ₹10080 നു 240 കിഗ്രാം ഉമ തെങ്ങിവിത്ത് വാങ്ങി വിതര ണം ചെയ്തിട്ടുണ്ട്. ബാക്കി ₹64200 കർഷകർക്ക് ക്ലിഫ്ഫ്ലവ് നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ സ്ഥലത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി ഓരോരുത്തർക്കും അനുവദിക്കാവുന്ന ക്ലിഫ്ഫ്ലവ് നിശ്ചയിച്ചതിന്റെ രേഖകൾ, അനുവദിച്ച ഇക എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4	30/24,	₹59400	79200	₹59400, 187/9-11-2023	ഇൻവോയ്സ് നമ്പർ

	കറിക്കത്തുള്ള് മൊ വിതരണം	വികസന ഫണ്ട്, പൊതു വിഭാഗം ₹19800 മറ്റുള്ളവ ആകെ- ₹79200		₹19800 1230402502/26.10.2023, ഉണ്ടായിരുന്നു വിഹിതം	1215/28-10-2023 പ്രകാരം വെങ്ങാട് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 990 എണ്ണം കറിക്കത്തുള്ള് മൊകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.
5	4/24, വാഴക്കൃഷി വികസനം	₹178160 വികസന ഫണ്ട്, പൊതു വിഭാഗം ₹47154 മറ്റുള്ളവ ആകെ- ₹225314	178160	₹50000, 251/21-12-2023 ₹50000, 252/21-12-2023 ₹46508, 307/17-1-2024 ₹31652, 308/17-1-2024	ഇൻവോയിസ് നമ്പർ 1265/6-12-2023, 1258/30-11-2023 എന്നിവ പ്രകാരം വെങ്ങാട് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 2500 എണ്ണം വീതം ആകെ 5000 എണ്ണം വാഴത്തൈകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ബാക്കി ₹78160 കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. ഉണ്ടായിരുന്നവരുടെ സ്ഥലത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി ഓരോരുത്തർക്കും അനുവദിക്കാവുന്ന കൂലിച്ചെലവ് നിശ്ചയിച്ചതിന്റെ രേഖകൾ, അനുവദിച്ച തുക എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6	1/24, മണ്ണിച്ചിയിൽ പച്ചക്കറി കൃഷി	₹510000 വികസന ഫണ്ട്, പൊതു വിഭാഗം ₹170000 മറ്റുള്ളവ ആകെ- ₹680000	₹458000	₹288000, 186/9-11-2023 ₹170000 1230402261/06.10.2023, ഉണ്ടായിരുന്നു വിഹിതം	ഇൻവോയിസ് നമ്പർ 1216/28-10-2023 പ്രകാരം വെങ്ങാട് അഗ്രോ സർവ്വീസ് സെന്ററിൽനിന്നും 240 യൂണിറ്റ് പച്ചക്കറി വിത്ത്, പോട്ടിംഗ് മിശ്രിതം എന്നിവ സഹിതമുള്ള മണ്ണിച്ചട്ടികൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.
		ആകെ	₹1076070		

മേൽ പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ ടാഗിംഗായി മാത്രമേ പരിഗണിച്ചിട്ടുള്ളൂ (മിക്ക അപേക്ഷകളിലും പേരും വാർഡ് നമ്പറും ഫോൺ നമ്പറും മാത്രം). അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ പരിശോധന നടത്തി ആർഹത നിർണ്ണയിച്ചിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയതിന് (15/14-08-2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹826070 (1076070 – 250000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി
പ്രോജക്ട് നമ്പർ /പേര്	46/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹2,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	₹2,00,000 (ബിൽ നമ്പർ : 202/28.11.2023)
ഓർഡർ നം. / പ്രൊഫോർമ ഇൻവോയിസ് നമ്പർ	286-08.08.2023 / PF - 288/17.08.2023

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹2,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റേയും ആയത് സ്റ്റോക്കിലെടുത്തതിന്റേയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്ക് (26/17.08.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹2,00,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -₹54,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി
പ്രോജക്ട് നമ്പർ / പേര്	182/24 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
അടങ്കൽ	₹8,46,000 (മെറ്റീരിയൽ ഗ്രാന്റ്)
ചെലവ്	₹2,94,953

മേൽ പ്രോജക്ടിന്റെ ഭാഗമായി പന്ന്യന്നൂർ പി.എച്ച്.സിയിൽ സ്ഥാപിക്കുന്നതിനായി ബിൽ നമ്പർ 523/26.03.2024 പ്രകാരം യുറേക്ക ഫോർബ്സ് ലിമിറ്റഡിൽ നിന്നും ₹54,500 ചെലവഴിച്ച് വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) വാട്ടർ പ്യൂരിഫയർ പർച്ചേസിന് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

2) വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും സ്ഥാപനത്തിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് 29/18.08.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹54,500-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 കോവിഡ് പ്രതിരോധ പരിരക്ഷ-മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല

കോവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളുടെ കണക്ക് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ശേഖരിക്കേണ്ടതും ഇപ്പോൾ ഉപയോഗപ്രദമായതിന്റേയും ഉപയോഗശൂന്യമായതിന്റേയും കണക്ക് പ്രത്യേകമെടുത്ത് സൂക്ഷിക്കേണ്ടതുമാണെന്നും, ഉപയോഗപ്രദമായവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യസ്ഥാപനങ്ങിന് നല്കേണ്ടതും പാലിയേറ്റീവ് പ്രവർത്തനത്തിന് ഉപയോഗിക്കാവുന്നവ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഉപയോഗിക്കേണ്ടതുമാണ് എന്നും തദ്ദേശഭരണ വകുപ്പിന്റെ 17-03-2023ലെ ഡി.സി.1/2023/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശ പ്രകാരം മെഡിക്കൽ ഉപകരണങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ എന്നും നിലവിൽ ഈ ഉപകരണങ്ങൾ

ഉപയോഗിക്കപ്പെട്ടതെന്നോ എന്നാണ് അറിയിക്കേണ്ടതെന്ന് ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നല്കിയ മാഡിറ്റ് എൻകുയറിക്ക് (28/17.08.2024) മറുപടി നല്കിയിട്ടില്ല. തേക്ക് സർക്കാർ നിർദ്ദേശം പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പന്ന്യന്നൂർ പി.എച്ച്.സി- ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം

ജി.ഒ (പി) നം 177/2006/ഫിൻ തീയതി 2-4-2006 ഖണ്ഡിക 18.3, 18.5 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മാഡിറ്റിനു ലഭ്യമാക്കിയ ടി ആർ 7-എ ക്യാഷ് ബുക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. 2023-24 സാമ്പത്തിക വർഷം 11 പദ്ധതികൾക്കായി ഇക ചെലവഴിച്ചിട്ടുണ്ടെങ്കിലും 46/24, 116/24, 115/24, 45/24 എന്നീ പ്രോജക്ടുകളുടെ വരവ് ചെലവ് കണക്കുകൾ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 171/24, 107/24, 172/24, 182/24, 183/24, 156/24, 157/24 എന്നീ പ്രോജക്ടുകളുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ യഥാസമയം കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തത് സംബന്ധിച്ച് 25/17.08.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തേക്ക് ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി യഥാസമയം കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കുറ്റമറ്റ രീതിയിൽ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-22 ഇറസ്സായ കിണർ ശുചിത്വ കിണറാക്കൽ – അധികം അനുവദിച്ച ₹3933-യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചമ്പാട് സർക്കിൾ
പ്രോജക്ട് നമ്പർ/പേര്	25/24, ഇറസ്സായ കിണർ ശുചിത്വ കിണറാക്കൽ
അടങ്കൽ	₹5,68,000 ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	553/29-3-2024, ₹178319 ബിൽ നമ്പർ: 553/29.03.2024 554/29-03-2024, ₹35675 ബിൽ നമ്പർ: 554/29.03.2024 ആകെ: ₹213994

ചമ്പാട് സർക്കിൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഇറസ്സായ കിണർ ശുചിത്വ കിണറാക്കൽ എന്ന പദ്ധതിയിൽ 28 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ കമല പി കെ, പുല്ലായിക്കണ്ടിയിൽ എന്നവർ ചെയ്ത പ്രവൃത്തിയിൽ എൽ എസ് ജി ഡി ഓവർസിയർ തയ്യാറാക്കിയ വാല്വേഷൻ ₹4067-ാണ് മാത്രമാണെങ്കിലും ഇവരുടെ 40597100001669 നമ്പർ അക്കൗണ്ടിലേക്ക് ₹8000 യാണ് അനുവദിച്ചത്. വാല്വേഷനേക്കാൾ കൂടുതൽ തുക അനുവദിച്ചതും, മറ്റ് അപാകതകളും പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/17-08-2024) കമല പി കെ, പുല്ലായിക്കണ്ടിയിൽ എന്നവർക്ക് വാല്വേഷൻ പ്രകാരം അല്ലാതെ ₹3933 അധികം നൽകിയിട്ടുള്ളത് ഗുണഭോക്താവിന്റെ പക്കൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാല്വേഷനിലും അധികം നൽകിയ ₹3933-യുടെ ചെലവ് അംഗീകരിക്കുന്നില്ല. ഇക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-23 തുല്യതാ /സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ		
പ്രോജക്ട് നമ്പർ/ പേര്	50/24 സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി പഞ്ചായത്തേതര.	33/24 പരിശ	തുല്യത
അടങ്കൽ	₹82000 (തനത് ഫണ്ട്)	₹15600 (വികസന ഫണ്ട്)	
ചെലവ്	₹35150	₹15600	